**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 969** **24-02-2022 - ൽ മറുപടിയ്ക്ക്**

**ഞുണങ്ങാറിന് കുറുകെയുള്ള പാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ശബരിമല മകരവിളക്ക് തീർഥാടനത്തോടനുബന്ധിച്ച് പമ്പ ത്രിവേണിയിൽ ഞുണങ്ങാറിന് കുറുകെ ജലസേചനവകുപ്പ് നിർമ്മിച്ച പാലം ഉദ്ഘാടനം ചെയ്ത് ഏതാനും ദിവസങ്ങൾക്കുള്ളിൽ തകർന്നുവീണ സംഭവത്തിൽ ഉത്തരവാദികളായവർക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | പമ്പാ ത്രിവേണിയിൽ ഞുണങ്ങാറിനു കുറുകെ ഗാബിയോൺ ബോക്സും കോൺക്രീറ്റ് പൈപ്പും ഉപയോഗിച്ച് മണ്ഡലകാലത്തേക്ക് ഉപയോഗിക്കാൻ നിർമ്മിച്ച താൽക്കാലിക പാലം, നിർമ്മാണത്തിന് രണ്ട് ദിവസത്തിനു ശേഷം താൽക്കാലിക പാലത്തിന്റെ 1.50 കി.മീ മുകൾഭാഗത്തായി ഉണ്ടായ ഉരുൾപൊട്ടലിലും അതിനെ തുടർന്നുണ്ടായ ശക്തമായ മലവെള്ളപ്പാച്ചിലിലും പാലത്തിന്റെ ഉപരിതലത്തിൽ നിരത്തിയിരുന്ന ക്വാറി മക്കിന്റെ കുറച്ച് ഭാഗം ഒലിച്ചുപോകുകയുണ്ടായി. ഇത് തൊട്ടടുത്ത ദിവസം തന്നെ പുനസ്ഥാപിച്ച് താൽക്കാലിക പാലം ഗതാഗതയോഗ്യമാക്കുകയുണ്ടായി. നിർമ്മാണത്തിനു ശേഷം ഏതാണ്ട് മൂന്ന് മാസത്തോളമായിട്ടും പാലം ഇപ്പോഴും മറ്റ് കേടുപാടുകൾ കൂടാതെ ഉപയോഗിച്ച് വരുന്നുണ്ട്. ഉരുൾപൊട്ടലും അതിനെത്തുടർന്നുണ്ടായ മലവെള്ളപ്പാച്ചിലും ഉൾപ്പെടെയുള്ള പ്രകൃതിദുരന്തം മൂലമാണ് കേടുപാടുകൾ ഉണ്ടായത്. കൂടാതെ ഇതേ സ്ഥലത്ത് കോൺക്രീറ്റിൽ നിർമ്മിച്ചിരുന്ന സ്ഥിരം പാലം സംവിധാനം, 2018 വെള്ളപ്പൊക്കത്തിൽ പൂർണ്ണമായി തകർന്നുപോയതുകൊണ്ടാണ് ശബരിമല - മണ്ഡലകാലത്തേയ്ക്ക് ഒരു താൽക്കാലിക പാലം നിർമ്മിക്കേണ്ടതായി വന്നത്. ഒരു താൽക്കാലിക പാലത്തിന്റെ ഉപരിതലത്തിൽ മലവെള്ളപാച്ചിൽ ഉണ്ടായാൽ സംഭവിക്കാവുന്ന ഒരു സാധാരണ സംഭവത്തിനു ഉപരിയായി പാലത്തിന് മറ്റ് കേടുപാടുകളൊന്നും തന്നെ സംഭവിച്ചിട്ടില്ല. ആയതിനാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ക്കെതിരെ നടപടിക്ക് നിർദ്ദേശിച്ചിട്ടില്ല. നിലവിൽ Rebuild Kerala - യിൽ ഉൾപ്പെടുത്തി സ്ഥിരം പാലത്തിന്റെ നിർമ്മാണ പ്രവൃത്തി നടന്നു വരികയാണ്. |
| (ബി) | പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിന് എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും നിർമ്മാണ പ്രവൃത്തികളുടെ | (ബി) | പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിന് 19.30 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ബന്ധപ്പെട്ട എസ്റ്റിമേറ്റ് |

| | | | |
|---|---|---|---|
| | ഗുണനിലവാരം ഉറപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിരുന്നുവെന്നും വ്യക്തമാക്കാമോ? | | പ്രകാരം വിശദമായ പരിശോധന നടത്തിയതിനു ശേഷമാണ് സാങ്കേതിക അനുമതി നൽകിയിട്ടുള്ളത്. കൂടാതെ നിർമ്മാണ സമയത്ത് എസ്റ്റിമേറ്റ് പ്രകാരമുള്ള ഇനങ്ങളുടെ ഗുണനിലവാരവും പൂർണ്ണമായും ഉറപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ